## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *17** **12.01.2021-ൽ മറുപടിയ്ക്ക്**

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. പി. സജീന്ദ്രൻ**<br>**ശ്രീ . വി. ടി. ബൽറാം**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| **എ)** കോവിഡ് ബാധിതരുടെ എണ്ണം കേരളത്തിൽ കുത്തനെ കൂടുവാനുള്ള കാരണം പ്രതിരോധ പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ചയാണെന്ന കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **ബി)** ആദ്യഘട്ടങ്ങളിൽ മികച്ച രീതിയിൽ കോവിഡ് പ്രതിരോധം നടത്തിയെങ്കിലും ഓണക്കാലത്തും ആഘോഷവേളകളിലും ഉണ്ടായ അലംഭാവം രോഗവ്യാപനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>**സി)** ആഘോഷവേളകളിൽ വേണ്ടത്ര ശ്രദ്ധ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകാത്തതാണ് ഇതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | **ബി) യും സി) യും** | സംസ്ഥാനത്ത് ആദ്യമായി കോവിഡ് കേസ് റിപ്പോർട്ട് ചെയ്തതു മുതൽ നാളിതുവരെ കോവിഡ് രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ വിട്ടു വീഴ്ചയില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br>കോവിഡ് 19 -നെ നിയന്ത്രിക്കാൻ ഏറ്റവും ശാസ്ത്രീയമായ മാർഗമാണ് കേരളം സ്വീകരിച്ചത്. SUSCEPTIBLE (ഇനിയും രോഗം വരാൻ സാധ്യത ഉള്ളവരുടെ എണ്ണം), EXPOSED (രോഗബാധയുള്ളവരുമായി സമ്പർക്കത്തിൽ ഉള്ളവർ), INFECTED (രോഗം ബാധിച്ചവർ), RECOVERED (രോഗം ഭേദമായവർ), DEATH (രോഗം ബാധിച്ച് മരിച്ചവർ) എന്നിങ്ങനെയുള്ള എണ്ണം പരിശോധിക്കുന്ന SEIRD മാതൃകയാണ് അവലംബിക്കുന്നത്. |

ആരോഗ്യ സംവിധാനങ്ങൾ ശക്തമാക്കാനും രോഗബാധിതരെ ചികിത്സിച്ച് ഭേദപ്പെടുത്താനും അവസരം ലഭ്യമാക്കുകയാണ് കേരളം ചെയ്തുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ ഇപ്പോഴും മരണനിരക്ക് 0.4 ശതമാനമാണ്. കേസിന്റെ എണ്ണത്തിലുണ്ടായ വർധനവ് താരതമ്യം ചെയ്യേണ്ടത് മറ്റു പ്രദേശങ്ങളിൽ ഉയർച്ച (PEAK) ഉണ്ടായപ്പോൾ ഉള്ള എണ്ണവുമായാണ്. വിദഗ്ധ ഏജൻസികൾ പ്രവചിച്ചത് ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ എടുത്തു കളയുമ്പോൾ കേരളത്തിൽ പ്രതിദിനം 20,000 ഏറെ കേസുകൾ റിപ്പോർട്ട് ചെയ്യും എന്നാണ്. എന്നാൽ കേരളം നടപ്പിലാക്കിയ BREAK THE CHAIN, REVERSE QUARANTINE, തുടങ്ങിയ പദ്ധതികളിലൂടെ ആയിരക്കണക്കിന് ആളുകളിലേക്ക് പ്രതിരോധത്തിന്റെ സന്ദേശങ്ങൾ എത്തിക്കുവാൻ കഴിഞ്ഞതിനാൽ ഇത്രയും വലിയ ഉയർച്ച (PEAK) ഉണ്ടാകുന്നത് തടയാൻ സാധിച്ചു. ഇപ്പോഴും രോഗം ബാധിക്കാത്തവർ ആയ ആളുകൾ (SUSCEPTIBLE) കൂടുതലാണ് എന്നതിനാൽ വാക്സിനേഷൻ നടപ്പിലാക്കുമ്പോൾ അത്രയും പേരുടെ ജീവൻ രക്ഷിക്കാൻ നമുക്ക് കഴിയും. സ്വമേധയാ ഉണ്ടാകുന്ന രോഗ പ്രതിരോധം മാത്രമായാൽ അവർക്കുണ്ടാകുന്ന കോവിഡാനന്തര പ്രശ്നങ്ങളും കൂടുതലായിരിക്കും. അതുകൊണ്ട് നിയന്ത്രണങ്ങൾ എല്ലാം എടുത്ത് കളഞ്ഞപ്പോൾ ഇപ്പോൾ ഉണ്ടായ വർദ്ധനവ് മറ്റു പ്രദേശങ്ങളേക്കാൾ കൂടുതലാണ്

എന്നത് മാത്രം വ്യാഖ്യാനിച്ച് കേരളത്തിലെ കോവിഡ് പ്രതിരോധം ശരിയായില്ല എന്ന് പറയുന്നത് അശാസ്ത്രീയമാണ്. ക്രമാതീതമായ വർദ്ധന ഇപ്പോൾ ഉണ്ടാകുന്നില്ല.

ഓണക്കാലത്തും എല്ലാ ആഘോഷ വേളകൾക്ക് മുന്നോടിയായും കോവിഡ് രോഗ പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ച് ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നും സെക്ടറൽ മജിസ്ട്രേറ്റുമാരെ തെരഞ്ഞെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ഇവർക്ക് അധികാരം നൽകിയതനുസരിച്ച് അത്തരം നടപടികൾ സ്വീകരിക്കുകയുണ്ടായി.

ഓണക്കാലത്ത് വിദേശത്ത് നിന്നും, ഇതര സംസ്ഥാനങ്ങളിൽ നിന്നും ബന്ധു / സുഹൃദ് സന്ദർശനത്തിനായി ജനങ്ങൾ വീടുകളിൽ എത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, കടകളിലും മാർക്കറ്റുകളിലും തിരക്ക് ഒഴിവാക്കുന്നതിനും, രോഗപകർച്ച തടയുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കണ്ടെയിൻമെന്റ് സോണുകളിൽ ആൾക്കൂട്ടം ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട നടപടികളും,

രോഗനിരീക്ഷണവും ടെസ്റ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്നു. അതുകൊണ്ട് തന്നെ രോഗവ്യാപനം നിയന്ത്രിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**